കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

145. [199] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-ലെ ഉരുൾപൊട്ടലിന്റെ ഫലമായി കോഴിക്കോട് ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ഇനത്തിൽ ഇതേവരെ എത്ര സംഖ്യ നൽകി ;

(ബി) എത്ര സംഖ്യ നൽകാൻ ബാക്കിയുണ്ട് ;

(സി) ഈ സംഖ്യ എന്നത്തേക്ക് കൊടുക്കുവാൻ കഴിയും ?

ഉത്തരം

(എ) 3.38 ലക്ഷം രൂപ.

(ബി) 2.51 ലക്ഷം രൂപ.

(സി) അടുത്ത സാമ്പത്തിക വർഷം കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

146. [200] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഇപ്പോൾ ലോക്കൗട്ട് ചെയ്തിരിക്കുകയാണോ ;

(ബി) എങ്കിൽ എന്നാണ് ലോക്കൗട്ട് പ്രഖ്യാപിച്ചത് ;

(സി) ലോക്കൗട്ടിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) 10-3-1986-ൽ

(സി) തൊഴിലാളികൾ അക്രമാസക്തമായ സമരമുറകൾ സ്വീകരിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ലെന്ന് മാനേജുമെന്റിന് ബോദ്ധ്യമായതിനാലാണ് ലോക്കൗട്ട് പ്രഖ്യാപിച്ചത്.

പുതിയ മിൽക്ക് പ്രോജക്ട് യൂണിറ്റുകൾ

147. [202] ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മിൽക്ക് പ്രോജക്ട് യൂണിറ്റുകൾ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; എവിടെയെല്ലാം ;

(സി) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ മഞ്ചേരി മിൽക്ക് പ്രോജക്ട് യൂണിറ്റ് ഈ വർഷം തുടങ്ങുമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ, ബി) സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതിയിൻ കീഴിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നിവിടങ്ങളിൽ ഓരോ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ വടക്കൻ ജില്ലകളിൽ നടപ്പാക്കുന്നതിനുവേണ്ടി മറ്റു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രഗവൺമെൻറിന് അയച്ചിട്ടുണ്ട്. സ്വിസ്സ് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി മേൽ പറഞ്ഞ ജില്ലകളിലെ ക്ഷീരോല്പാദകരുടെ ആവശ്യങ്ങൾ മുഴുവനും നിറവേറ്റുവാൻ മതിയാകുന്നതാണ്. അതുകൊണ്ട് മഞ്ചേരിക്കുമാത്രമായ ഒരു യൂണിറ്റ് ഇക്കൊല്ലം തുടങ്ങാൻ ബുദ്ധിമുട്ടാണ്.

പോലീസ് സ്റ്റേഷൻ കയ്യേറ്റം

148. [204] ശ്രീ. പി. സീതി ഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം പോലീസ് സ്റ്റേഷൻ പട്ടാളക്കാർ കയ്യേറിയിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്നാണ്. അതിനുള്ള പ്രകോപനം എന്തായിരുന്നു ;

(സി) പോലീസ് അധികാരികളും പട്ടാള അധികാരികളുമായി ഇടപെടുമ്പോഴുള്ള പെരുമാറ്റച്ചട്ടം എന്താണ് ;

(ഡി) പോലീസ് അധികാരികളും ഈ പെരുമാറ്റച്ചട്ടം ഈ കേസിൽ ലംഘിച്ചുവോ ;

(ഇ) എങ്കിൽ ആരാണ് അതിന് ഉത്തരവാദികൾ ;

(എഫ്) ഈ സംഭവത്തെത്തുടർന്ന് ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 5-10-1985-ൽ നേമം പോലീസ് സ്റ്റേഷനിൽ ഏതാനും പട്ടാളക്കാരും ഉദ്യോഗസ്ഥൻമാരും പ്രവേശിച്ചു.

(ബി) പോലീസുകാരെ ആക്രമിച്ചതായി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. ഒരു പട്ടാളക്കാരനെ കസ്റ്റഡിയിലെടുത്തു എന്ന കാരണത്താലാണ് ഈ സംഭവം.

(സി) ഏതെങ്കിലും പട്ടാള ഉദ്യോഗസ്ഥനെ കസ്റ്റഡിയിലെടുക്കുമ്പോൾ ഏറ്റവും അടുത്തുള്ള പട്ടാളത്തിലെ കമാൻറിംഗ് ആഫീസറെ അറിയിക്കണമെന്നാണ് ചട്ടം.

(ഡി, ഇ, എഫ്) ഈ സംഭവത്തെ സംബന്ധിച്ച് വിശദമായി സൈനിക നേതൃത്വത്തിലുള്ള ഒരു അന്വേഷണ കോടതിയും സംസ്ഥാനത്തെ ഒരു കൂടുതൽ ഡി. ഐ. ജി. യും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വിവരങ്ങൾ ഇപ്പോൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

പോലീസ് സ്റ്റേഷനു പുതിയ കെട്ടിടം

149. [205] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമളി, പെരുവന്താനം എന്നീ പോലീസ് സ്റ്റേഷനുകൾക്കു വേണ്ടി പുതിയതായി പണിയുന്ന കെട്ടിടങ്ങളുടെ പണി പൂർത്തിയാകാത്തതിൻറെ കാരണം വ്യക്തമാക്കുമോ ;

(ബി) പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly